## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - പാലക്കാട് ജില്ലയിലെ പട്ടിത്തറ ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്കായ ശ്രീ ജെ ജോൺസണിന്റെ 25.08.2007 മുതൽ 09.7.2009 വരെയുള്ള അനധികൃത ഹാജരില്ലായ്മക്കാലയളവ് ക്രമീകരിച്ച്ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

# തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ).നം.1714/ 2016/തസ്വഭവ തീയതി,തിരുവനന്തപുരം 21/05/2016

---

പരാമർശം: 1. പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 12.05.2010 ലെ ഇ 2.1/2010 നമ്പർ നടപടിക്രമം

2. പഞ്ചായത്ത് ഡയറക്ടറുടെ 13/08/2015 ലെ ഇ 6-24748/15 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ പട്ടിത്തറ ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ ജെ ജോൺസൺ വടകരപതി ഗ്രാമപഞ്ചായത്തിൽ ക്ലാർക്കായി സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ അനധികൃത ഹാജരില്ലായ്മയിലായിരുന്ന 25.08.2007 മുതൽ 09.7.2009 വരെയുള്ള കാലയളവ് ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചു.

2. ശ്രീ ജെ ജോൺസൺ 25.08.2007 മുതൽ അനധികൃതമായി അവധിയിൽ പ്രവേശിച്ചു. തുടർന്ന് ടിയാനെ സസ്പെന്റ് ചെയ്യുകയും പരാമർശം 1 നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ 19.05.2010 ടിയാൻ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തു. അനധികൃത ഹാജരില്ലായ്മയ്ക്ക് ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തിരുന്നു. ടിയാൻ അനധികൃത ഹാജരില്ലായ്മയിലായിരുന്ന 25.08.2007 മുതൽ 09.7.2009 വരെയുള്ള കാലയളവ് ക്രമീകരിക്കണമെന്നും ടി കാലയളവിൽ ശ്രീ ജെ ജോൺസൺ വിദേശത്തു പോകുകയോ മറ്റ് ജോലികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ പട്ടിത്തറ ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്കുമായ ശ്രീ ജെ ജോൺസൺ വടകരപതി ഗ്രാമപഞ്ചായത്തിൽ

ക്ലാർക്കായി സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ അനധികൃത ഹാജരില്ലായ്മയിലായിരുന്ന 25.08.2007 മുതൽ 09.7.2009 വരെയുള്ള കാലയളവ് മുൻകാല സർവ്വീസ് നഷ്ടമാകാത്ത വിധം 'നോൺ ഡ്യൂട്ടി 'യായി ക്രമീകരിച്ച് ഉത്തരവാകുന്നു

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല.സി.എസ്**
ഗവ. അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, പട്ടിത്തറ ഗ്രാമപഞ്ചായത്ത്, പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീ ജെ ജോൺസൺ, ക്ലാർക്ക്, പട്ടിത്തറ ഗ്രാമപഞ്ചായത്ത്,പാലക്കാട് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ധനവകുപ്പ് ( 17.9.2015 ലെ ഡെവ-1/186/2015-ധന നമ്പർ കുറിപ്പ്)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(ഇപിഎ 1/385/2015/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ